# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 26**

---

## എം.ജി സർവകലാശാലയിൽ പി.ജി. പ്രവേശനത്തിന് അപേക്ഷിക്കാം

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററുകളിലും ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിൽ 2025 വർഷത്തെ പ്രവേശനത്തിന് മെയ് 20 വരെ ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം. എംഎ, എംഎസ്സി, എംടിടിഎം, എൽഎൽഎം. എംഎഡ്, എംപി.ഇഎസ്, എംബിഎ എന്നിവയാണ് പ്രോഗ്രാമുകൾ.*

*വിശദ വിവരങ്ങൾ* cat.mgu.ac.in *എന്ന വെബ്സൈറ്റിൽ ലഭിക്കും. അവസാന സെമസ്റ്റർ ബിരുദ വിദ്യാർഥികൾക്കും അപേക്ഷിക്കാം. എംഎഡ് പ്രോഗ്രാം രജിസ്ട്രേഷന് യോഗ്യതാ പരീക്ഷയുടെ അവസാന രണ്ടു സെമസ്റ്ററുകളുടെ ഫലം കാത്തിരിക്കുന്നവരെയും പരിഗണിക്കും. ഇങ്ങനെ അപേക്ഷിക്കുന്നവർ അതത് പഠന വകുപ്പുകൾ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ യോഗ്യത നേടിയിരിക്കണം.*

*ഓരോ പ്രോഗ്രാമിനോ ഒരേ പ്രവേശന പരീക്ഷ ബാധകമായ ഒന്നിലധികം പ്രോഗ്രാമുകൾക്കോ അപേക്ഷിക്കുന്നതിന് പൊതുവിഭാഗത്തിന് 1200 രൂപയും എസ്.സി, എസ്.ടി വിഭാഗങ്ങൾക്ക് 600 രൂപയുമാണ് ഫീസ്. ഒന്നിലധികം പ്രവേശന പരീക്ഷ ബാധകമായ പ്രോഗ്രാമുകൾക്ക് പൊതുവിഭാഗത്തിന് 2400 രൂപയും എസ്.സി, എസ്.ടി. വിഭാഗങ്ങൾക്ക് 1200 രൂപയുമാണ്.*

*എം.ബി.എ ഒഴികെയുള്ള പ്രോഗ്രാമുകളിലേയ്ക്ക്* www.cat.mgu.ac.in *എന്ന വെബ്സൈറ്റ് വഴിയും എം.ബി.എയ്ക്ക്* admission.mgu.ac.in *എന്ന വെബ്സൈറ്റ് വഴിയുമാണ് അപേക്ഷ നൽകേണ്ടത്.*

*പ്രവേശന പരീക്ഷ മെയ് 30,31 തീയതികളിൽ തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ കേന്ദ്രങ്ങളിൽ നടക്കും. എംബിഎ*

*യ്ക്ക് സർവകലാശാല പൊതു പ്രവേശന പരീക്ഷ നടത്തില്ല.*

*ഇ-മെയിൽ:* cat@mgu.ac.in. ***എം.ബി.എ പ്രോഗ്രാം ഇമെയിൽ***- smbs@mgu.ac.in.

*(പി.ആർ.ഒ/39/1511/2025)*

## സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ നടത്തുന്ന സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകളുടെ സർട്ടിഫിക്കറ്റുകൾ വിതരണംചെയ്തു.*

*സിൻഡിക്കേറ്റ് അംഗം ഡോ. എ.എസ് സുമേഷ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ചലച്ചിത്ര സംവിധായകൻ ബ്ലസി വിശിഷ്ടാതിഥിയായിരുന്നു.*

*രജിസ്ട്രാർ ഡോ. ബിസ്മി ഗോപാലകൃഷ്ണൻ, ഡിപ്പാർട്ട്മെന്റ് ഓഫ് ലൈഫ് ലോംഗ് ലേണിംഗ് ആന്റ് എക്സ്റ്റൻഷൻ മേധാവി ഡോ.എം.കെ. ബിജു, ഡോ. മാത്യു ജോസഫ്, ജോബി കെ മാത്യു, ഡോ. സരിത്കുമാർ, നവീൻ ജോർജ് എന്നിവർ സംസാരിച്ചു.*

*(പി.ആർ.ഒ/39/1512/2025)*

## വൈവ വോസി

*നാലാം സെമസ്റ്റർ എംസിഎ (2023 അഡ്മിഷൻ റഗുലർ, 2021, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷയുടെ വൈവ വോസി  പരീക്ഷ മെയ്  അഞ്ചു മുതൽ നടക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1513/2025)*

## പ്രാക്ടിക്കൽ

*ആറാം സെമസ്റ്റർ ബിവോക്ക്, അപ്ലൈഡ് അക്കൗണ്ടിംഗ് ആന്റ് ടാക്സേഷൻ (2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ് പുതിയ സ്കീം ഫെബ്രുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ മെയ് അഞ്ചിന് അങ്കമാലി മോണിംഗ് സ്റ്റാർ ഹോം സയൻസ് കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1514/2025)*

പബ്ലിക് റിലേഷൻസ് ഓഫീസർ